"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലയിൽ പീരുമേട് റീസർവ്വേ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി സിമിനി എ. ജി. ക്ക് കൊല്ലം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.2802/2024/RD തീയതി,തിരുവനന്തപുരം, 26-11-2024

---

പരാമർശം:-

1. 02.12.1991 ലെ സ.ഉ.(പി) നം.36/91 ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
2. ശ്രീമതി സിമിനി എ. ജി. യുടെ 06.06.2023 ലെ അപേക്ഷ.
3. ഇടുക്കി ജില്ലാ കളക്ടറുടെ 30.06.2023 ലെ DCIDK/467/2023-A2 നമ്പർ കത്ത്.
4. കൊല്ലം ജില്ലാ കളക്ടറുടെ 05.09.2023 ലെ DCKLM/505/2018-E2 നമ്പർ കത്തും 03.09.2024 ലെ DCKLM/11198/2023-E2 നമ്പർ കത്തും.
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 29.09.2024, 19.10.2024 തീയതികളിലെ എൽ.ആർ./ 8186/2023-എൽ.ആർ (എൻ3) നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ പീരുമേട് റീസർവ്വേ ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി സിമിനി എ. ജി. ക്ക് ഇടുക്കി ജില്ലയിൽ നിന്നും സ്വന്തം ജില്ലയായ കൊല്ലത്തേയ്ക്ക് വൃദ്ധ മാതാപിതാക്കളുടെ സംരക്ഷണാർത്ഥം അന്തർജില്ലാ സ്ഥലം മാറ്റത്തിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളുടെ ഭർത്താവ് 07.05.2023 ൽ മരണപ്പെട്ടിട്ടുള്ളതാണെന്നും മാതാവ് കഴിഞ്ഞ പത്ത് വർഷത്തോളമായി ലുക്കീമിയ ബാധിച്ച് അവശതയിലാണെന്നും പിതാവ് വാർദ്ധക്യ സഹജമായ അസുഖത്താൽ ചികിത്സയിലാണെന്നും അപേക്ഷകയും, തങ്ങളെ സംരക്ഷിക്കാൻ ശ്രീമതി സിമിനി എ. ജി. മാത്രമേയുള്ളുവെന്ന് അപേക്ഷകയുടെ മാതാവായ ശ്രീമതി അംബികാദേവിയും അറിയിച്ചിരുന്നു.

2) ശ്രീമതി സിമിനി എ. ജി. ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുള്ളതാണെന്നും കൊല്ലം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്ന പക്ഷം ടിയാളെ ഇടുക്കി ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിന് ആക്ഷേപം ഇല്ലാത്തതാണെന്നും പരാമർശം (3) പ്രകാരം ഇടുക്കി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ടിയാളെ അന്തർജില്ലാ സ്ഥലം മാറ്റത്തിന് പരിഗണിക്കേണ്ടവരുടെ പട്ടികയിൽ

ക്രമനമ്പർ 76 ആയി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പരാമർശം (4) പ്രകാരം കൊല്ലം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ശ്രീമതി സിമിനി എ. ജി. ക്ക് കൊല്ലം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിക്കുന്നതിലേയ്ക്കായി സമർപ്പിച്ച അപേക്ഷകൾ തുടർ നിർദ്ദേശത്തിനായി പരാമർശം (5) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീമതി സിമിനി എ. ജി. യുടെ അനുകമ്പാർഹമായ സാഹചര്യങ്ങൾ പരിഗണിച്ച് ടിയാളുടെ വൃദ്ധ മാതാപിതാക്കളുടെ സംരക്ഷണാർത്ഥം, ടിയാൾക്ക് സ്വന്തം ജില്ലയായ കൊല്ലത്തേയ്ക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഭിലാഷ് എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ഇടുക്കി.
ജില്ലാ കളക്ടർ, കൊല്ലം.
ശ്രീമതി സിമിനി എ. ജി., ഓഫീസ് അറ്റൻഡന്റ്, പീരുമേട് റീസർവ്വെ സൂപ്രണ്ട് ഓഫീസ്, ഇടുക്കി ( ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ. (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി. (REV-T1/209/2024-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 27-11-2024 14:06:18
സെക്ഷൻ ഓഫീസർ

പകർപ്പ്.-
ബഹു. റവന്യൂ മന്ത്രിയുടെ പി. എസ്. ന്